## മാതൃകാവിദ്യാർഥി

സ്കൂളിൽ നിങ്ങളുടെ അവസ്ഥയെന്താണ്?

നൂറു ശതമാനവും നല്ലതാണെന്ന് ആർക്കാണ് ഉറപ്പിച്ചു പറയാനാവുക? എത്ര പേരുണ്ട് അധ്യാപകരുടെ പ്രശംസ പിടിച്ചുപറ്റിയവർ?

അധ്യാപകരുടെ പ്രശംസ നേടുക വലിയ കാര്യമാണ്. എല്ലാവർക്കും അതിന് കഴിയില്ല. മൂന്ന് കാര്യം അതിന് വേണം. നന്നായി പഠിക്കണം. ഉയർന്ന അച്ചടക്കം പാലിക്കണം. പാഠ്യേതര വിഷയങ്ങളിലും കഴിവ് തെളിയിക്കണം. ഇത്രയും കാര്യങ്ങൾ നമ്മിലുണ്ടായാൽ അധ്യാപകർ നമ്മെ പ്രശംസിക്കും. അതാകണം സ്കൂളിൽ നമ്മുടെ അവസ്ഥ.

അച്ചടക്കം സ്കൂളിൻെറ മുഖഛായയാണ്. അച്ചടക്കമില്ലെങ്കിൽ സ്കൂൾ നശിക്കും. നമ്മുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും ആകർഷകമാക്കുന്നതും അതാണ്. അച്ചടക്കമില്ലാതെ എത്ര പഠിച്ചിട്ടും കാര്യമില്ല. അധ്യാപകരും കുട്ടികളും വെറുക്കും.

ഓരോ ദിവസവും പഠിപ്പിക്കുന്ന പാഠങ്ങൾ അന്നേ ദിവസം പഠിക്കുക. ഹോം വർക്കുകൾ അന്നുതന്നെ ചെയ്തു തീർക്കുക. മനസ്സിലാകാത്ത ഭാഗങ്ങൾ അധ്യാപകരോട് ചോദിച്ചു മനസ്സിലാക്കുക. അധ്യാപകർ ക്ലാസെടുക്കുന്ന സമയത്ത് കളിക്കരുത്. അങ്ങനെയായാൽ അവർ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയില്ല. ഇത് പഠനരംഗത്തെ അച്ചടക്കമാണ്. നേരത്തെ സ്കൂ ളിൽ എത്തുക. അനാവശ്യകാര്യങ്ങൾക്ക് ലീവാകാതിരിക്കുക. ഇവ കൃത്യനിഷ്ഠയുമായി ബന്ധപ്പെട്ട അച്ചടക്കമാണ്. എല്ലാവരെയും സ്നേഹിക്കുക. സ്കൂളിൻെറ പുരോഗതിക്കായി തനിക്ക് ചെയ്യാൻ സാധിക്കുന്നതെല്ലാം ചെയ്യുക. ഇത് സഹപാഠികളോടും സ്കൂളിനോടുമുള്ള ഗുണകാംക്ഷയാണ്. അതിലൊക്കെ നാം മുമ്പിലാകണം.

താൻ സ്കൂളിന് ഭാരമല്ല, അഭിമാനമാണ് എന്ന് തെളിയിക്കാനാണ് ശ്രമിക്കേണ്ടത്. മറ്റു കുട്ടികൾക്ക് മാതൃകായോഗ്യനാകാൻ നാം പരിശ്രമിക്കണം.

എപ്പോഴും അടിപിടിയും ബഹളവും പതിവാക്കിയ ചിലരുണ്ട്. അകാരണമായി സ്കൂളിൽ വരാതിരിക്കുന്നവരുണ്ട്. ഹോംവർക്കുകൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരുണ്ട്. പുകവലിക്കുന്നവരുണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കുന്നവരുണ്ട്. ഈ രീതി നാം അവലംബിക്കരുത്.

പഠിക്കാൻ പരിശ്രമിക്കുക. അച്ചടക്കം സ്വഭാവത്തിൻെറ ഭാഗമാക്കുക. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക. അധ്യാപകരെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുക. സഹപാഠികളെ സ്നേഹിക്കുക. നേരത്തെ സ്കൂളിലെത്തുക. സ്കൂളിൻെറ നിയമങ്ങൾ കണിശമായി പാലിക്കുക. ഇതൊക്കെയാണ് നമ്മെ മാതൃകായോഗ്യനാക്കാനുള്ള വഴികൾ.